LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകപ്പും ആരോഗ്യ വിദ്യാഭ്യാസ വകപ്പും നൽകിയ ഇൻഡന്റ് അനുസരിച്ച് 69 ഇനം ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റ് അനുസരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ പ്രസ്തുത മരുന്നുകളുടെ കരുതൽ ശേഖരം കോർപ്പറേഷന്റെ വെയർഹൗസുകളിൽ സൂക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലും ആവശ്യമരുന്നുകൾ പൊതുവിപണിയെക്കാളും വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. മരുന്നുകൾ തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റിതര ഫാർമസിയേക്കാളും കൂടുതൽ ജീവനക്കാർ (ഒന്നോ രണ്ടോ മടങ്ങ്) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജോലി ചെയ്യുവരുന്നു. എന്നാൽ രോഗികളുടെ തിരുക്കുകാരണം ചില സന്ദർഭങ്ങളിൽ മരുന്ന് ലഭിക്കാൻ കുറച്ച് താമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ടി ഫാർമസികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(സി) ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്യുവരുന്നു. അവശ്യഘട്ടങ്ങളിൽ ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്ന് മറ്റേതെങ്കിലും ഫാർമസിയിൽ നിന്നോ കാരുണ്യ ഡിപ്പോകളിൽ നിന്നോ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ ഏകോപിപ്പിക്കുന്നുമുണ്ട്.

ആരോഗ്യകിരണം പദ്ധതി

98 (2566) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വെച്ചിരുന്നതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ 15 കോടി രൂപയാണ് (പതിനഞ്ച് കോടി രൂപ) നീക്കിവച്ചിരിക്കുന്നത്. ആരോഗ്യകിരണം വർഷാവർഷം തുടർന്നുപോകുന്ന ഒരു ചികിത്സാ പദ്ധതിയായതിനാൽ തുടക്കം മുതൽ കിട്ടിയ കോർപ്പസ് ഫണ്ടുകളുടെ ആകെ തുകയിൽ നിന്നുമാണ് രോഗികൾക്ക് ആവശ്യമുള്ള ചികിത്സാ ചെലവ് നടത്തിവരുന്നത്. 2013 ഒക്ടോബർ മുതൽ 2015 ഒക്ടോബർ വരെ ആകെ ചെലവഴിച്ച തുക 9.05 കോടി രൂപ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) ആണ്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എല്ലാ മാസവും നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ വിശദമായി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ ഇപ്പോൾ സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 69,56,518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) സഹായം ലഭ്യമാക്കിയിട്ടുണ്ട്.

ആരോഗ്യ കിരണം പദ്ധതി

99(2567) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യകിരണം പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്;

(ബി) ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്കാണ് സഹായം ലഭ്യമാക്കുന്നത്;

(സി) ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സയ്ക്കാണ് പ്രസ്തുത പദ്ധതി മുഖേന സഹായം നൽകുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടിയ എത്ര കുട്ടികൾക്ക് ആകെ എത്ര തുകയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?